(ബി) അറിയിപ്പു നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള തുകയൊഴികെ ബാക്കിയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം ലഭിക്കുന്നതിനായി ശ്രീമതി ജൂലിയറ്റ് ജോൺസൺ, അമ്പലപ്പുഴ നൽകിയ അപേക്ഷ

92 (3723) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകട മരണത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് ദുരിതാശ്വാസ സഹായനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ശ്രീമതി ജൂലിയറ്റ് ജോൺസൺ, വലിയവീട്ടിൽ, വാർഡ് നമ്പർ 16, പുന്നപ്ര വടക്ക്, അമ്പലപ്പുഴ എന്നവർ നൽകിയ അപേക്ഷയിന്മേൽ ധനസഹായം നൽകി ഉത്തരവായിരുന്നുവോ ;

(ബി) 14-3-2014 ലെ 15432/ഡി.ആർ.എഫ്/സി എം/14 നമ്പരായി റവന്യൂ വകുപ്പിന് കൈമാറിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) അപേക്ഷകക്ക് നാളിതുവരെ ധനസഹായം ലഭ്യമാകാത്തതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 11-12-2014-ലെ സ.ഉ.(സാധാ) നമ്പർ 6256/14/റവ. തീയതി പ്രകാരം ആലപ്പുഴ, അമ്പലപ്പുഴ, പുന്നപ്ര വടക്ക്, വാർഡ് നമ്പർ 16 വലിയ വീട്ടിൽ ജൂലിയറ്റ് ജോൺസണ് മകളുടെ അപകടമരണത്തിന് ആശ്വാസ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

93 (3724) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലൂടെ അനുവദിച്ച ആനുകൂല്യങ്ങൾ ഇനിയും പൊതുജനങ്ങൾക്ക് ലഭ്യമായിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly